# പ്രവാചക സ്നേഹം എങ്ങനെ?

07/10/2022

بسم الله الرحمن الرحيم

- അല്ലാഹു അടിമകൾക്ക് നൽകിയ അതിവിശിഷ്ടമായ ജീവിതദർശനമാണ് ഇസ്‌ലാം.
- ജീവിതത്തിന്റെ സർവ മേഖലകളിലും ചൂഴ്ന്ന് നിൽക്കുന്ന മതമാണ് ഇസ്‌ലാം.
- ഓർമ വെച്ച നാൾമുതൽ ജീവിതത്തിലെ ഏതേതു കാര്യത്തിലും മതത്തിന്റെ വ്യക്തമായ നിയമനിർദേശങ്ങൾ പാലിക്കാൻ കടപ്പെട്ടവനാണ് മനുഷ്യൻ.
- മതങ്ങളിൽനിന്നും ദർശനങ്ങളിൽനിന്നും വ്യത്യസ്തമായി, ജീവിതത്തിന്റെ സകല സന്ദർഭങ്ങളിലും പാലിക്കേണ്ട മര്യാദകൾ പഠിപ്പിക്കുന്ന ഇസ്‌ലാം അച്ചടക്കമുള്ള ഒരു സമൂഹത്തെയാണ് സൃഷ്ടിക്കുന്നത്.
- ആഘോഷങ്ങളില്ലാത്ത മതങ്ങളില്ല ലോകത്ത്. എന്നാൽ ഇസ്‌ലാം ഈ രംഗത്തും വ്യത്യസ്തത പുലർത്തുന്നു. ലഹരിയിൽ ആറാടി ആടിപ്പാടാനും അനാവശ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരമായല്ല ഇസ്‌ലാം ആഘോഷങ്ങളെ കാണുന്നത്.
- മറിച്ച് ഇസ്‌ലാമിലെ ആഘോഷങ്ങൾ പ്രാർഥനാമയമാണ്. സ്രഷ്ടാവിനെ മറന്ന് തിമർത്താടാനുള്ള വേളയല്ല അത്.
- മുസ്‌ലിംകൾക്ക് രണ്ടേ രണ്ട് ആഘോഷങ്ങളാണ് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്. വ്രതശുദ്ധിയുടെ നിറവിൽ ശവ്വാൽ മാസപ്പിറവിയോടെ സമാഗതമാകുന്ന ഈദുൽഫിത്വ്‌റും ത്യാഗസ്മരണകളുയർത്തുന്ന ഹജ്ജ് മാസത്തിൽ കൊണ്ടാടുന്ന ഈദുൽ അദ്ഹയുമാണവ.
- എന്നാൽ ഈ രണ്ടു ആഘോഷങ്ങൾക്ക് പുറമെ മതം പഠിപ്പിക്കാത്ത മറ്റൊരു ആഘോഷം ഈ മാസത്തിൽ ചില സഹോദരങ്ങൾ കൊണ്ടാടുന്നു.
- പ്രവാചക സ്നേഹം എന്ന പേരിലാണ് ഈ ആഘോഷം ഇവർ കൊണ്ടാടുന്നത്.
- പ്രമാണങ്ങളിലെ പ്രവാചക സ്നേഹം എങ്ങനെ എന്നും ഈ ആഘോഷത്തിന് ഇസ്ലാമിൽ തെളിവുണ്ടോ എന്നും പരിശോധിക്കുകയാണ് ഈ ഖുത്തുബയിലൂടെ.
- വിശ്വാസി തന്റെ രക്ഷിതാവിനെ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് മുഹമ്മദ് നബി (സ്വ) യെയാണ്.

അല്ലാഹു പറയുന്നു;

النَّبِيُّ أَوْلَىٰ بِالْمُؤْمِنِينَ مِنْ أَنفُسِهِمْ ۖ وَأَزْوَاجُهُ أُمَّهَاتُهُمْ ۗ وَأُولُو الْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِي كِتَابِ اللَّهِ مِنَ الْمُؤْمِنِينَ وَالْمُهَاجِرِينَ إِلَّا أَن تَفْعَلُوا إِلَىٰ أَوْلِيَائِكُم مَّعْرُوفًا ۚ كَانَ ذَٰلِكَ فِي الْكِتَابِ مَسْطُورًا ﴿الأحزاب: ٦﴾

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ: مَا مِنْ مُؤْمِنٍ إِلاَّ وَأَنَا أَوْلَى النَّاسِ بِهِ فِي الدُّنْيَا وَالآخِرَةِ، اقْرَءُوا إِنْ شِئْتُمْ {النَّبِيُّ أَوْلَى بِالْمُؤْمِنِينَ مِنْ أَنْفُسِهِمْ}

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺപറഞ്ഞു: ഇഹത്തിലും പരത്തിലും ഒരു സത്യവിശ്വാസിയുമായി ഏറ്റവും ബന്ധപ്പെട്ടത് ഞാനാണ്. നിങ്ങൾ ഉദ്ദേശിക്കുന്നവെങ്കിൽ ഈ ആയത്തു പാരായണം ചെയ്യുക."സത്യവിശ്വാസികളുമായി അവരുടെ ശരീരത്തെക്കാൾ ബന്ധപ്പെട്ടത് നബിയാണ്" (അഹ്സാബ്:) (ബുഖാരി)

## ❖ ഈകൽപനകളെ പാലിച്ചവരായിരുന്ന സ്വഹാബികൾ

- അവരുടെ ഹൃദയങ്ങളിൽ നബിﷺയേക്കാൾ ബഹുമാനവും ഇഷ്ടവും ആദരവും നിറഞ്ഞ മറ്റൊരു വ്യക്തിയും ഉണ്ടായിരുന്നില്ല.
- അംറിബ്നു ആസ്(റ) ഇസ്ലാം സ്വീകരിച്ചതിന് ശേഷം പറഞ്ഞു: ഇസ്ലാമിലേക്ക് വരുന്നതിന് മുമ്പ് അദ്ദേഹത്തേക്കാൾ എനിക്ക് വെറുപ്പുണ്ടായിരുന്ന ഒരു വ്യക്തിയുമുണ്ടായിരുന്നില്ല.ഞാൻ മുസ്ലിമായപ്പോൾ തിരുമേനിയേക്കാൾ ഇഷ്ടമുള്ള മറ്റൊരു വ്യക്തിയുമുണ്ടായിരുന്നില്ല.
- ശത്രുക്കൾ വധശിക്ഷക്ക് വിധേയനാക്കിയ സ്വഹാബിയോട് വധശിക്ഷ നടപ്പാക്കുന്നതിന് മുമ്പായി, 'നിന്നെ മോചിപ്പിക്കുകയും പകരം മുഹമ്മദിനെ വധിക്കുകയും ചെയ്യുന്നത് നീ ഇഷ്ടപ്പെടുമോ' എന്ന് ചോദിച്ചപ്പോൾ 'അല്ലാഹുവിന്റെ റസൂലിന്റെ കാലിൽ ഒരു മുള്ള് തറക്കുന്നത് പോലും എനിക്ക് സഹിക്കാനാവില്ല' എന്ന മറുപടിയാണുണ്ടായത്.
- ഉഹ്ദിന്റെ ദിവസം അബൂത്വൽഹ (റ) നബിﷺയോട് പറഞ്ഞു:

لاَ تُشْرِفْ يُصِيبُكَ سَهْمٌ مِنْ سِهَامِ الْقَوْمِ، نَحْرِي دُونَ نَحْرِكَ

ശത്രുക്കളുടെ ഒരു അമ്പുപോലും താങ്കൾക്ക് ഏൽക്കുകയില്ല. എന്റെ നെഞ്ചുണ്ട് താങ്കളുടെ നെഞ്ചിന് താഴെ.(ബുഖാരി)

## ❖ നാം എങ്ങനെ നബി (സ്വ) സ്നേഹിക്കും.

നബി ﷺ വഫാത്തായിട്ട് 1400 ൽ അധികം വർഷം കഴിഞ്ഞു. നമ്മെ സംബന്ധിച്ചിടത്തോളം നബിﷺയെ സ്നേഹിക്കുക എന്നതിന്റെ പ്രധാന ഉദ്ദേശ്യം തിരുസുന്നത്തിനെ സ്നേഹിക്കലാണ്. അഥവാ അത് നമ്മുടെ ജീവിതത്തിൽ പകർത്തലാണ്.

- നബിﷺയുടെ വാക്കുകളെ മറ്റുള്ളവരുടെ വാക്കുകളേക്കാൾ പ്രാധാന്യപൂർവ്വം പരിഗണിക്കുകയും ജീവിതത്തിൽ പകർത്തുകയും നബിചര്യയെ മഹത്വപ്പെടുത്തുകയും ചെയ്യണം.
- നബിﷺയോടുള്ള നമ്മുടെ സ്നേഹം പൂർണ്ണമാകുന്നത് നബിﷺയുടെ സ്വഭാവവും സംസ്കാരവും ചര്യയും നാം പരിപൂർണ്ണമായി സ്വീകരിക്കുമ്പോഴാണ്.
- അപ്പോൾ മാത്രമേ ഒരാൾക്ക് യഥാർത്ഥ വിശ്വാസിയാകാൻ കഴിയുകയുള്ളൂ.

فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴿النساء: ٦٥﴾

- വിശ്വാസ കാര്യങ്ങളിലും വാക്കുകളിലും പ്രവർത്തികളിലും ഉപേക്ഷകളിലും നബി (സ്വ) യെ മാതൃകയാക്കുക, അനുധാവനം ചെയ്യുക എന്നതാണ് ഇത്തിബാഅ്.

**അല്ലാഹു പറഞ്ഞത് കാണുക.**

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ (الحشر: ٧)

مَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ وَمَنْ تَوَلَّى فَمَا أَرْسَلْنَاكَ عَلَيْهِمْ حَفِيظًا (النساء: ٨٠)

### ❖ പ്രാവചക സ്നേഹം നാം അറിയേണ്ടത്.

- നബി ﷺയുടെ മേൽ സ്വലാത്ത് ചൊല്ലൽ നബിസ്നേഹത്തിൽ പെട്ടതാണ്.
- നബി ﷺ പഠിപ്പിച്ചിട്ടുള്ള സന്ദേശങ്ങൾ നാം പൂർണ്ണമായും ജീവിതത്തിൽ പകർത്തുന്നതോടൊപ്പം അവിടുന്ന് വിരോധിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നതും പ്രവാചക സ്നേഹത്തിൽ പെട്ടതാണ്.

### ❖ നബി (സ്വ) യുടെ മദ് ഹ് പറഞ്ഞു കൂടെ?

- നബി (സ്വ) യുടെ ചര്യകളെ പിന്തുടരുന്നതിന് പുറമെ അദ്ദേഹത്തിന്റെ ചരിത്രവും ഗുണങ്ങളും എടുത്തുപറയുന്നതും അവിടുത്തെ പുകഴ്ത്തി പറയുന്നതും പ്രവാചക സ്നേഹത്തിൽ പെട്ടതാണ്.
- പറയുന്ന കാര്യങ്ങൾ സത്യസന്ധവും ഇസ്ലാമിക ആദർശത്തിനകത്ത് നിൽക്കുന്നതുമായിരിക്കണം.

عَنِ ابْنِ عَبَّاسٍ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ، فَإِنَّمَا أَنَا عَبْدُهُ، فَقُولُوا عَبْدُ اللَّهِ وَرَسُولُهُ

ഇബ്നു അബ്ബാസിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:ക്രൈസ്തവർ മറിയമിന്റെ മകനെ പുകഴ്ത്തിയതുപോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. തീർച്ചയായും ഞാൻ (അല്ലാഹുവിന്റെ) അടിമയാണ്. നിങ്ങൾ പറയുക: അല്ലാഹുവിന്റെ റസൂലും അവന്റെ അടിമയുമെന്ന്. (ബുഖാരി)

## ❖ മൌലീദാഘോഷം ഇസ്ലാമികമോ?

- പ്രാവചക സ്നേഹം എന്ന പേരിൽ ഇന്ന് ചിലർ റബ്ബിഉൽ അവ്വൽ മാസത്തിൽ പ്രത്യേക ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു. ഇത് ഇസ്ലാം പഠിപ്പിച്ചതല്ല.
- മതത്തിൽ പ്രതിഫലം കിട്ടുന്ന എല്ലാ കാര്യങ്ങളും നബി (സ) പഠിപ്പിച്ചിട്ടുണ്ട്.

عَنْ عَبْدِ اللَّهِ ـ رضى الله عنه ـ عَنِ النَّبِيِّ صلى الله عليه وسلم قَالَ : إنَّهُ ليس شيءٌ يُقَرِّبُكُمْ إلى الجنةِ إلَّا قد أَمَرْتُكُمْ بهِ ، و ليس شيءٌ يُقَرِّبُكُمْ إلى النارِ إلَّا قد نَهَيْتُكُمْ عنهُ

അബ്ദില്ലാഹിബ്നു മസ്ഊദിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു : നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ വിട്ടുപോയിട്ടില്ല. നിങ്ങളെ നരകത്തിൽ നിന്ന് അകറ്റുന്ന ഒരു കാര്യവും പറഞ്ഞു തരാതെ പോയിട്ടില്ല. (സിൽസിലത്തു സ്വഹീഹ)

## ❖ ശ്രദ്ധിക്കുക;

- ഇസ്ലാമിന്റെ പൂർത്തീകരണത്തിന് ശേഷമാണ് നബി ﷺ വഫാത്തായിട്ടുള്ളത്.
- ഇസ്ലാമിൽ ഇനി എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ അതിൽ നിന്നും എന്തെങ്കിലും എടുത്തുമാറ്റുകയോ വേണ്ടതില്ല.
- അല്ലാഹുവിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ സന്ദേശങ്ങളും നബി ﷺ നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്
- നബിﷺയുടെ കാലത്ത് എന്തെല്ലാം ദീനാണോ അതെല്ലാം ഇന്നും ദീനാണ്.
- നബിﷺയുടെ കാലത്ത് എന്തെല്ലാം ദീൻ അല്ലയോ അതെല്ലാം ഇന്നും ദീനല്ല.
- ദീനിലേക്ക് എന്തെങ്കിലും പുതുതായി കൂട്ടിച്ചേർത്ത് അത് നല്ലതാണെന്ന് വാദിക്കുന്ന പക്ഷം, നബി ﷺ തന്റെ ദൌത്യ നിർവഹണത്തിൽ വഞ്ചന കാണിച്ചുവെ

ന്നാണ് അവൻ പറയാതെ പറയുന്നത്. കാരണം ഈ നല്ല കാര്യം നബി ﷺ നമുക്ക് പറഞ്ഞു തന്നിട്ടില്ലല്ലോ എന്നാണ് അങ്ങനെ പറയുന്നതിലൂടെ സംഭവിക്കുന്നത്.

❖ **ഈ തത്വം മുന്നിൽ വെച്ചുവേണം നബിദിനാഘോഷത്തിന്റെ ഇസ്ലാമികമായമാനം നാം മനസ്സിലാക്കേണ്ടത്.**

❖ **ഇസ്ലാമിൽ രണ്ടു ആഘോഷങ്ങൾ മാത്രം.**

- ഈദുൽ ഫിത്വ്ർ: റമദാനിലെ വ്രതാനന്തരം ശവ്വാൽ ഒന്നിന് വിശ്വാസികൾക്ക് ലഭിക്കുന്ന സന്തോഷത്തിന്റെ ദിനമാണത്.
- ഈദുൽ അദ്ഹ: ഇബ്രാഹീം നബിയുടേയും (അ) മകൻ ഇസ്മാഈൽ നബിയുടേയും(അ) ത്യാഗസ്മരണയിൽ ദുൽഹജ്ജ് പത്തിന് വിശ്വാസികൾക്ക് ലഭിക്കുന്ന സന്തോഷത്തിന്റെ ദിനമാണത്.
- ഈ രണ്ട് ആഘോഷങ്ങളല്ലാതെ മൂന്നാമതൊരു ആഘോഷവും ഒരു മുസ്‌ലിമിനില്ല. നബി ﷺഅങ്ങനെയൊന്ന് കാണിച്ചു തന്നിട്ടില്ല

❖ **മൌലീദാഘോഷം എന്നാണ് ആരംഭിച്ചത്**

قال الامام سخاوي: ان عمل المولد حدث بعد قرون ثلاثة

ഇമാം സഖാവി പറയുന്നു:നിശ്ചയമായും ഈ മൌലിദ് കഴിക്കുന്ന സമ്പ്രദായം ഹിജ്റ മൂന്ന് തലമുറകൾക്ക് ശേഷം ശേഷം പുതുതായിട്ടുണ്ടായതാണ്.

وَقَدْ سُئِلَ شَيْخُ الْإِسْلَامِ حَافِظُ الْعَصْرِ أبو الفضل ابن حجر عَنْ عَمَلِ الْمَوْلِدِ ، فَأَجَابَ بِمَا نَصُّهُ : أَصْلُ عَمَلِ الْمَوْلِدِ بِدْعَةٌ لَمْ تُنْقَلْ عَنْ أَحَدٍ مِنَ السَّلَفِ الصَّالِحِ مِنَ الْقُرُونِ الثَّلَاثَةِ ،

ഇബ്നുഹജർ അസ്ഖലാനി (റ) നബിദിനാഘോഷത്തെ പറ്റി ചോദിക്കപ്പെട്ടു. അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു : നബി ജന്മദിനാഘോഷത്തിന്റെ അടിസ്ഥാനം തന്നെ ബിദ്അത്താണ്. ആദ്യകാല മൂന്ന് തലമുറകളിലെ സലഫുസ്വാലിഹീങ്ങളായ മുൻഗാമികളിൽ നിന്നൊരാളിൽ നിന്നുപോലും അത് നിവേദനം ചെയ്യതായി വന്നിട്ടില്ല. (ഇമാം സുയൂത്തിയുടെ അൽ ഹാവി ലിൽ ഫതാവാ)

❖ **അൽ ഇമാം അൽ ഹാഫിള് അബൂ സുർഅ അൽ ഇറാഖി (റ) പറയുന്നു:**

قال الحافظ أبو زرعة العراقي – رحمه الله -: لا نعلم ذلك ولو بإطعام الطعام عن السلف

അപ്രകാരം ചെയ്യൽ – അഥവാ മൗലിദ് ആഘോഷിക്കൽ – ഏറ്റവും ചുരുങ്ങിയ പക്ഷം ഭക്ഷണം വിതരണം ചെയ്തെങ്കിലും ആചരിക്കൽ മുൻഗാമികൾ ആരെങ്കിലും ചെയ്തതായി നമുക്കറിയില്ല . (തശ്നീഫുൽ അദാൻ)

❖ **ഇമാം ഇബ്നു ഹജർ ഹൈതമി(റ) പറയുന്നു:**

أصل عمل المولد بدعة ، لم تنقل عن أحد من السلف الصالح من القرون الثلاثة،

മൌലൂദ് കർമ്മം അത് പുത്തനാചാരമാണ്. ആദ്യ മൂന്ന് തലമുകളിൽ ജീവിച്ച സലഫുസ്സാലിഹീങ്ങളിൽ നിന്ന് ഇങ്ങനെ ഒന്ന് ഉണ്ടായി'ട്ടേയില്ല.

- ഏറ്റവും നല്ല നൂറ്റാണ്ടിലുള്ളവർക്ക് ഒന്നും പരിചയമില്ലാത്ത ആഘോഷമാണ് നബിദിനാഘോഷം.

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+൯൬൬൫൮൪൧൪൯൬൬൬൨) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQ൦nQalrhJ൨ZcA_